# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 03/01/14

## ( 30 SAFAR 1435 Hijiri)

## Hazrat Khalifathullah Munir Ahmad Azim (A)

ഭൂമുഖത്തുള്ള തന്റെ അനുയായികൾക്കെല്ലാം സമാധാനാശംസകൾ അർപ്പിച്ച ശേഷം തശഹ്ദ്, തഅവ്വുദ്, അൽഫാത്തിഹ എന്നിവ ഓതിയ ശേഷം ഖലീഫത്തുല്ലാ തുടർന്നു.

ജോലി കൃത്യമായി ചെയ്യുന്ന മനുഷ്യൻ, ഉത്തരവാദിത്വമുള്ളവനായിതീരുന്നു. വിശ്വാസം (ഈമാൻ) മനുഷ്യനിലെ ആത്മീയാന്ധത ഇല്ലാതാക്കുന്നു. മനുഷ്യൻ ഒരു തത്വസംഹിതയുമായി ബന്ധപ്പെട്ടുനിന്നാൽ, അത്, അവനെ, ഒരു നിശ്ചിത ലക്ഷ്യത്തിലേക്ക് നയിക്കുന്നു. സർവ്വശക്തനായ ദൈവത്തിലേക്ക് ലക്ഷ്യമിട്ടാൽ, തന്റെ ജോലി എന്തെന്ന് അവന് വ്യക്തമായി. യാതൊരു പങ്കുകാരനുമില്ലാത്ത സർവ്വശക്തനായ സ്രഷ്ടാവിലുള്ള അതിശക്തമായ വിശ്വാസത്തിനുനുസൃതമായ പ്രവർത്തനങ്ങൾ- ഏതൊരാൾ തന്റെ ജോലികൾ ഈ വിശ്വാസത്തിനനുസൃതമായി ക്രമപ്പെടുത്തുന്നില്ലയോ, അവന്റെ ജീവതം അനിശ്ചിതത്വത്തിലും, അമ്പരപ്പിലും, എല്ലാഭാഗങ്ങളിൽ നിന്നും ഉണ്ടാകുന്ന ആഘാതങ്ങളിലും അകപ്പെട്ട് തകർന്ന ജീവിതത്തിന്നുടമയായി തീരുന്നു.

മതപരമായവിശ്വാസം ഒരു മനുഷ്യനെ യഥാർത്ഥ വിശ്വാസിയാക്കി മാറ്റുന്നു. തന്റെ വിശ്വാസത്തിനും ആദർശത്തിനും വേണ്ടി  തന്റെ സ്വാർത്ഥതയെകീഴടക്കുവാൻ സാധിക്കുന്നു. തന്റെ മുമ്പിൽ സമർപ്പിതമായ ആദർശസംഹിതയിലൂടെ തന്റെ ജീവിതത്തിലെ സമസ്ത പ്രശ്നങ്ങളെയും നേരിടുവാൻ അവനെ പ്രപ്തനാക്കുന്നു, തന്റെ ആദർശത്തിനു വേണ്ടി തന്നെ, അവൻ സ്വയം സമർപ്പിക്കുന്നു. തന്റെ വിശ്വാസത്തിന്റെ ലക്ഷ്യം, തന്റെ കണ്ണുകളിൽ, ആർദ്രതയുള്ളതും  വിലപ്പെട്ടതുമാണ്. ഈ ലക്ഷ്യമില്ലാത്ത തന്റെ ജീവിതം, ശൂന്യമായതായും, യുക്തിഹീനമായതായും, സ്ഥിരത ഇല്ലാത്തതുമായി, അവൻ കാണുന്നു. ആയതിനാൽ ഈ ലക്ഷ്യം നേടുന്നതിന് അത്യുത്സാഹപൂർവ്വം പ്രവർത്തിക്കുകയും അത് സംരക്ഷിക്കുകയും ചെയ്യുന്നു.

സംശയലേശമന്യേ, ഒരു തത്വമെന്നനിലയിൽ, ഒരാദർശവുമായി ബന്ധപ്പെട്ടിരിക്കേണ്ടത് അനിവാര്യമാണ്, പ്രത്യേകിച്ച് മുസ്ലിം വിശ്വാസികൾ. അവൻ ഏകദൈവത്തെ മാത്രമെ ആരാധിക്കുകയുള്ളു മതതത്വസംഹിതകളനുസരിച്ച് പ്രവർത്തിക്കുന്നതിന് ശാസിക്കപ്പെട്ടവനുമാണ്. മറ്റൊരുരീതിയിൽ പറഞ്ഞാൽ മുസ്ലിം വിശ്വാസി, ഇസ്ലാമുമായി സമരസപ്പെട്ടുപോകേണ്ടതും തദനുസരണം തന്റെ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കേണ്ടതുമാണ്.

തന്റെ പ്രകൃത്യുള്ളതും, വ്യക്തിപരമായുള്ളതുമായ അഭിവാഞ്ജകളെ കീഴടക്കുവാൻ തന്റെ മതപരമായ അഭിരുചികൾ അവനെ സഹായിക്കുന്നു. തന്റെ വിശ്വാസസംരക്ഷണത്തിനായിതന്റെ ജീവിതവും അഭിമാനവും അർപ്പിക്കുവാൻ പോലും അവൻ തയ്യാറാകുന്നു. തന്റെ ആദർശങ്ങൾ പരിപാപനങ്ങളാണ് എന്ന് അവന് ബോധ്യമാകുമ്പോൾ, തന്റെ മേൽ, ഈ ആദർശങ്ങൾ പരിപൂർണ്ണാധികാരം ഏല്പിക്കപ്പെടുകയും ചെയ്യുമ്പോഴാണ് ഈ ത്യാഗസന്നദ്ധത സാദ്ധ്യമാകുന്നത്. മതത്തിന്റെ ശക്തി , പ്രത്യേകിച്ച് ഇസ്ലാമിന്റെ ശക്തി, വിശുദ്ധമായ അതിന്റെ ആദർശങ്ങൾ മനുഷ്യനിലേയ്ക്ക് സ്വയം അടിച്ചേല്പിക്കുവാൻ, പര്യാപ്തമാണ്. വിശിഷ്യാ, മുസ്ലിം വിശ്വാസി, അവന്റെ അധികാരഭാവത്തിലുള്ളതും ശക്തിപൂർണ്ണമായതുമായ വിധികൾ സ്വയം നടപ്പിലാക്കുവാൻ അവനെ പ്രേരിപ്പിക്കുന്നു.

ചിലപ്പോൾ മനുഷ്യൻ പ്രതികാരത്തിനായി മതശാസ്ത്രപരമായ ഉച്ചനീചത്വത്തിന്റെ പേരിൽ തങ്ങളുടെ സമ്പാദ്യങ്ങളും, തങ്ങളുടെ സുഖവും ചിലപ്പോൾ തങ്ങളുടെ ജീവിതം തന്നെയും ബലിഅർപ്പിക്കുവാൻ തയ്യാറാവാറുണ്ട്. ഇത്തരത്തിലുള്ള സംഭവങ്ങൾ ലോകത്തിന്റെ പലഭാഗങ്ങളിലും നമുക്ക് കാണുവാൻ കഴിയുന്നതാണ്. തന്റെ ആദർശ സംരക്ഷണത്തിനായി വരിക്കുന്ന ത്യാഗങ്ങളും, തന്റെ ഭൗതികേച്ഛകൾ സംരക്ഷിക്കുന്നതിനായി വരിക്കുന്ന ത്യാഗങ്ങളും, വീക്ഷണത്തിൽ ഒന്നായിത്തോന്നുമെങ്കിലും രണ്ടും തമ്മിൽ കാര്യമായ വ്യത്യാസമുണ്ട്. ആത്മീയ പോഷണത്തിനുവേണ്ടിയുള്ള ത്യാഗങ്ങൾ മനുഷ്യ പ്രകൃതിയുമായി എല്ലാനിലയിലും

യോജിക്കുന്നതായിരിക്കും. എന്നാൽ ഭൗതിക ഇച്ഛാപൂർത്തീകരണത്തിനായി വരിക്കുന്ന ത്യാഗങ്ങൾ ഇഹലോഹവുമായി ബന്ധപ്പെട്ട സമ്മർദ്ദങ്ങൾക്കടിമപ്പെട്ടാണ്. മനുഷ്യൻ തന്റെ ഇന്ദ്രിയങ്ങൾ കൊണ്ട് മാത്രം ഈ ലോകത്തെ നോക്കിക്കണ്ടാൽ തന്റെ അറിവ് ശാസ്ത്രജ്ഞാനമില്ലാതെ സ്വാനുഭവത്തെ ആശ്രയിച്ചു കഴിയുന്ന അറിവുമാത്രമായിരിക്കും. അത് മനുഷ്യവർഗ്ഗത്തിനും, സാമൂഹ്യദർശനത്തിനും എതിരായിരിക്കും.

ഈ ലോകത്തിലെ, ഇന്ദ്രിയഗോചര ബോധത്തിന്റെ ഫലങ്ങൾ മനുഷ്യനെ സ്വാർത്ഥതയിലേയ്ക്കുനയിക്കുന്നു. അത് ആദർശബോധത്തിലേക്ക് നയിക്കുന്നതല്ല. ഈ ലോക ബോധത്തിന്റെ വെളിച്ചത്തിൽ ഈ ആദർശത്തെ രൂപപ്പെടുത്തുന്നില്ലെങ്കിൽ അത് ആശയത്തിൽ മാത്രം ഒതുങ്ങി നില്ക്കുന്ന ആദർശമായിരിക്കും അതിന് ഭാവനയുടെ അതിർവരമ്പുകൾ കടന്നുപോകാൻകഴിയില്ല. ഇക്കാര്യത്തിൽ അവൻ അവന്റേതായ ഒരു സാമ്രാജ്യം കെട്ടിപ്പടുക്കുകയാണ്. അവന്റെ ഭാവനയിൽ മാത്രമുള്ള യാഥാർത്ഥ്യങ്ങളാണത്. അവനതു കൊണ്ട് തൃപ്തിടയുന്നു. മതപരമായ വിശ്വാസത്തിൽ നിന്ന് ഒരാദർശബോധം ഉണ്ടായാൽ അത് ഈ ലോക ബോധത്തെ അടിസ്ഥാനമാക്കിയായിരിക്കും. യുക്തിയിൽ അധിഷ്ഠിടതമായിരിക്കും, സാമൂഹ്യക്ഷേമത്തിലധിഷ്ഠിതമായിരിക്കും. മതപരമായ വിശ്വാസം എന്നത് പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ഒരു സൗഹൃദകൂട്ടായ്മയാണ്. മറ്റൊരു രീതിയിൽ പറഞ്ഞാൽ ഈ ലോകത്തിന്റെ പൊതുതാല്പര്യത്തെയും, മനുഷ്യന്റെ താല്പര്യത്തെയും ഒത്തിണക്കി കൊണ്ടുപോകുന്ന വിശ്വാസപദ്ധതി. മനുഷ്യനെയും പ്രപഞ്ചത്തേയും നിയന്ത്രിക്കുന്ന സർവ്വശക്തനായ ദൈവത്തിലുള്ള ഗാഢമായ വിശ്വാസം തന്റെ തന്നെ സത്തയിൽ ഉറച്ചുനിൽക്കുവാനുള്ള കഴിവ് മനുഷ്യന് പ്രദാനം ചെയ്യുന്നു. ആ സത്തയോ ദൈവീകമായ സത്തയിൽനിന്നും ലഭ്യമായതുമാണ്. അതും ഒരു താത്ക്കാലിക ശരീരത്തിൽ, ദൈവീകമായ ജീവൻ. മതാധിഷ്ഠിത വശ്വാസവും, മതാതിഷ്ഠിതമല്ലാത്ത വിശ്വാസവും തമ്മിൽ വേർതിരിച്ചു മനസ്സിലാക്കേണ്ടതാണ്. മതാധിഷ്ഠിതവിശ്വാസത്തിൽ മനുഷ്യനോടൊപ്പം പ്രപഞ്ചവും, പ്രപഞ്ച സൃഷ്ടാവും കൂടെയുണ്ട്. മതാധിഷ്ഠിതമല്ലാത്ത വിശ്വാസത്തിൽ പ്രപഞ്ചത്തിനും സൃഷ്ടാവിനും സ്ഥാനമില്ല. അവന്റെ ഭാവനപൂർണ്ണമായ ലോകത്തിലാണ്, പുറംലോകം അവനെ സംരക്ഷിക്കുന്നില്ല.

മതപരമായ വിശ്വാസം മനുഷ്യന്റെ പ്രകൃത്യാ ഉള്ള വാസനകളിലേയ്ക്ക് ചാഞ്ഞു പോകാതിരിക്കാൻ വളരെയധികം ഉത്തരവാദിത്വങ്ങൾ അവനെ ഏല്പിക്കുന്നുണ്ട്. അതുപോലെ പ്രപഞ്ചത്തിന് ഒരു പുതിയ മുഖവും ആണ് നല്കുന്നത്. പ്രപഞ്ചസൃഷ്ടി ഘടനയെകുറിച്ചും, മറ്റു പ്രകൃതിശക്തികളെ കുറിച്ചും, ഇന്ദ്രിയഗോചരവും, മറ്റു രീതിയിൽ ലഭ്യമാകുന്ന വിവരങ്ങളും അത് നല്കുന്നു. ഇടുങ്ങിയതും , തണുത്തതും, യാന്ത്രികവും, ഭൗതികവുമായ ഈ പ്രപഞ്ചത്തെ പൂർണ്ണമായും ജീവൻ തുടിച്ചു നില്ക്കുന്ന ഒരു ലോകത്തേയ്ക്ക്, അർത്ഥവത്തായ ഒരു ലോകത്തേയ്ക്ക്, ബൗദ്ധികമായ ഒരു ലോകത്തേയ്ക്ക് നമ്മെ കടത്തി വിടുന്നു. സൃഷ്ടിയുടെയും, പ്രപഞ്ചത്തിന്റെയും മുമ്പിൽ മനുഷ്യന്റെ സമീപനം എന്തായിരിക്കണമെന്ന് മതവിശ്വാസം അവനെ പഠിപ്പിക്കുന്നു.

തന്റെ പരിതസ്ഥിതിയുമായി ഒത്തിണങ്ങി പ്രപഞ്ചവും, പ്രപഞ്ചസൃഷ്ടാവുമായി യോജിച്ച് നീങ്ങാൻ, മനുഷ്യനെ ഇസ്ലാം പഠിപ്പിക്കുന്നു.

ഓരോമനുഷ്യന്റെയും സൃഷ്ടിപ്പിൽ, അവന്റെ അന്തരംഗത്തിൽ പരിശുദ്ധമായ യാഥാർത്ഥ്യങ്ങളെ കുറിച്ച് അറിയുവാനുള്ള ഒരു വാസന നിക്ഷിപ്ത മാക്കീട്ടുണ്ട്. മനുഷ്യ സൃഷ്ടിപ്പിന്റെ ലക്ഷ്യത്തിലേയ്ക്കെത്തുവാൻ, പക്ഷേ, വളരെയധികം ആളുകൾക്കും കഴിയുന്നില്ല. ഏകനും സർവ്വശക്തനുമായ ദൈവത്തെ ആരാധിക്കുവാൻ മാത്രമാണ് ഈ സൃഷ്ടിപ്പിന്റെ ഉദ്ദേശ്യം. മറ്റുമതങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ സൃഷ്ടാവിനെ ആരാധിക്കുവാനുള്ള ഏറ്റവും സംശുദ്മായ വഴികളാണ് മനുഷ്യനു ഇസ്ലാം പ്രദാനം ചെയ്യുന്നത്. കാരണം അവന്റെ സൃഷ്ടിപ്പ് പ്രകൃതിയുമായി ഇണങ്ങും വിധമാണ്. (1) പ്രകൃതിയുമായി യോജിച്ച് നീങ്ങുവാനുള്ള കഴിവ്, കാരണം മനുഷ്യനെ സൃഷ്ടിച്ചത് ജലത്തിൽനിന്നും മണ്ണിൽനിന്നുമാണ്. (2) ദൈവീകത, അതായത് മനുഷ്യന്റെ ആത്മാവ്, എല്ലാത്തിനെയും അതിജീവിക്കുന്ന അല്ലാഹുവാണ്, മനുഷ്യനുമായി ബന്ധിച്ചിരിക്കുന്നത്. സർവ്വശക്തനായ അല്ലാഹുവിന്റെ നിയന്ത്രണമില്ലാത്ത നിലയിൽ മനുഷ്യൻ വ്യക്തമായ വഴികേടിലായിരിക്കും.

മനുഷ്യനെ പ്രചോദിപ്പിക്കുന്നത് അവന്റെ ചുറ്റുപാടുകളാണ്. ഭൂമിയിൽ അവനു ലഭ്യമായിട്ടുള്ള ജീവിതത്തിൽ അവൻ വിജയിക്കുവാൻ അവനിൽ ഭരമേല്പിക്കപ്പെട്ട ജോലികൾ ഉത്തരവാദിത്വബോധത്തോടെ നിറവേറ്റുക എന്നുള്ളതാണ്. അങ്ങനെ വരുമ്പോൾ താത്കാലിക വാസസ്ഥലമായ ഈ ലോകത്തും, സ്ഥിര വാസമായ പാരത്രികലോകത്തും, തന്റെ രക്ഷിതാവിന്റെ സന്തോഷത്തിൽ കഴിയുവാനുള്ള ഭാഗ്യമാണ് ലഭ്യമാക്കുന്നത്. ഭൗതികവും ആത്മീയവുമായ ജോലികൾ എത്ര അധികം ചെയ്യുന്നുവോ തദനുസരണം, അല്ലാഹുവിന്റെ തൃപ്തി അവന് നേടാൻ കഴിയും. അവന് സ്വയം സംതൃപ്തനായികാണാം. അവന്റെ ഹൃദയത്തിൽ അല്ലാഹു സമാധാനം ഇറക്കുന്നതാണ്. അവനെ ആസ്വസിപ്പിക്കുവാനും കൂടുതൽ ഉത്തേജനം നല്കുന്നതിനുമായി. അങ്ങനെ അല്ലാഹു അവന് നല്കുന്ന ഉത്തേജനത്തിൽ നിന്ന് ഭൗതികമായും ആദ്ധ്യാത്മികമായും അവൻ കൂടുതൽ കൂടുതൽ പ്രവർത്തിക്കുകയും അങ്ങനെ അവൻ ഒരു പൂർണ്ണ മനുഷ്യനായിതീരുന്നതുമാണ്.

ഉത്തേജനം നമ്മിൽ കുടികൊള്ളുന്നുണ്ട്. നിങ്ങൾ അതിനെ ഉത്തേജിപ്പിക്കണം, ഉണർത്തണം വികസിപ്പിക്കണം, ശരിയായിട്ട് ഉപയോഗിക്കുകയും ചെയ്യണം. മിക്കപ്പോഴും മനുഷ്യൻ നിരാശനിമിത്തം ആത്മീയ യാത്ര അവഗണിക്കാറുണ്ട്. ക്ഷീണിതനായ മനുഷ്യൻ, ഇന്ദ്രിയ ഗോചരമായോ, ദൃശ്യമായോ, പ്രതിഫലം കാണാതെ വരുമ്പോൾ നിരാശനാകുന്നു. നിരാശനിമിത്തം ജനങ്ങൾ പെട്ടെന്നുതന്നെ നേർപാതയിൽ നിന്നും വ്യതിചലിക്കുന്നു. സങ്കല്പാതീതമായ നഷ്ടമാണ് ഇത് മനുഷ്യനുണ്ടാക്കുന്നത്. അങ്ങനെ അവർ വിഗ്രഹാരാധനയിലേക്കും, മനുഷ്യാരാധനയിലേക്കും, പ്രകൃതി ആരാധനയിലേക്കും മറ്റും തിരിയുന്നു. ശരിയായ പാതയിൽ കണ്ട തടസ്സങ്ങൾ, അവരെല്ലാവരെയും പൊയ്ദൈവങ്ങളെ ആരാധിക്കുന്നവരാക്കിമാറ്റി, മറ്റുള്ളവർ ചെയ്യുന്നതുപോലെ അവരും ചെയ്യുന്നു. കാരണം പൊയ്ദൈവാരാധകർ സുഖസമൃദ്ധിയിൽ കഴിയുന്നവരായി അവർ കാണുന്നു.

മനഃശാസ്ത്രജ്ഞന്മാരുടെയും, ദൈവശാസ്ത്ര പണ്ഡിതന്മാരുടെയും അഭിപ്രായത്തിൽ ആരാധനകൂടാതെ മനുഷ്യന് ജീവിക്കുവാൻ കഴിയുകയില്ല. തന്റെ വിശ്വാസത്തിന്റെ ഭാഗമായി ഏകദൈവാരാധന അംഗീകരിക്കുവാനും, ആരാധിക്കുവാനും കഴിയില്ലെങ്കിൽ, അതിനേക്കാൾ സത്യമെന്ന്തോന്നുന്നതിനെ വിശ്വസിക്കുവാനും ആരാധിക്കുവാനും തുടങ്ങുന്നു. അവന്റെ വിശ്വാസത്തിന്റെ ലക്ഷ്യം അതായിരുന്നു. അവരുടെ അഭിപ്രായത്തിൽ ഒരുമതം ആവശ്യമില്ലാത്ത ആരുമില്ല. തന്നെ നയിക്കാൻ ഒരു ശക്തിയെ അവൻ അന്വേഷിക്കുന്നു. ഒരു ലക്ഷ്യത്തെ കേന്ദ്രീകരിക്കുവാൻ അവൻ സദാ വെമ്പൽ കൊള്ളുന്നു. തന്റെ വിശ്വാസത്തിന്റെ കാരണങ്ങളെ കുറിച്ച് അവൻ ബോധവാനാകണമെന്നില്ല. പുറമെ അവന് ഒരു മതവുമില്ല എന്നു തോന്നാം. എന്നാലും അവൻ എന്തിനെയോ അന്വേഷിക്കുന്നു. ഈ അവസ്ഥ ഏതുമനുഷ്യനും ഉണ്ടാകാം ഇഹലോക കാര്യങ്ങളുമായിട്ടേ അവന്റെ ഇന്ദ്രിയങ്ങൾ ബന്ധപ്പെടുന്നുള്ളു. അവനെ പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്നത്, അധികാരം,ധനം, ആനന്ദം, വിജയം എന്നിവയാണ്. നേട്ടങ്ങളിലാണ്, അവന്റെ നോട്ടം. മനുഷ്യന് ഒരു മതമുണ്ടോ ഇല്ലയോ എന്നതല്ല ചോദ്യം, എന്നാൽ ചോദ്യം ഇതാണ്? അവന്റെ മതം എന്താണ്?

കാര്യങ്ങൾ എങ്ങനെ ആയാലും മനുഷ്യന് ഒരു ആദർശം അഥവാ വിശ്വാസം ഒഴിച്ചുകൂടാൻ പാടില്ലാത്തതാണ്. ഒരു വശത്ത് മതപരമായ വിശ്വാസം, അതുമാത്രമേ അവനെ യഥാർത്ഥത്തിൽ ഉത്തേജിപ്പിക്കുവാൻ കഴിയുന്നതായിട്ടുള്ളു. മറുവശത്ത് മനുഷ്യൻ പ്രകൃത്യാ, എന്തിനെയോ അന്വേഷിച്ചുകൊണ്ടിരിക്കുകയാണ് അത് അവന്റെ അന്നമായിമാറുന്നു. മതപരമായ വിശ്വാസത്തെ ശക്തിപ്പെടുത്തുകയാണ് യഥാർത്ഥവഴി.

സൃഷ്ടിവ്യവസ്ഥയുമായി സമരസപ്പെട്ടുപോകുന്ന, മതപരമായ വിശ്വാസത്തെ, പ്രഥമമായി പരിഗണിച്ച പ്രഥമഗ്രന്ഥം, വിശുദ്ധ ഖുർആൻ ആകുന്നു.

**അപ്പോൾ അല്ലാഹുവിന്റെ മതത്തെയല്ലാതെ മറ്റുവല്ലതിനെയുമാണോ അവർ അന്വേഷിക്കുന്നത്. വാസ്തവത്തിൽ ആകാശങ്ങളിലും ഭൂമിയിലുമുള്ളവരെല്ലാം സ്വമനസ്സാലെയോ നിർബന്ധിതമായോ അവന് കീഴ്പ്പെട്ടിരിക്കുന്നു. അവനിലേക്കാണ് അവരുടെ മടക്കം (3:84)**

രണ്ടാമതായി വിശുദ്ധ ഖുർആൻ, മതപരമായ വിശ്വാസത്തെ മനുഷ്യ പ്രകൃതിയുടെ ഭാഗമായി വിവരിച്ചിരിക്കുന്നു.

**അതിനാൽ ഋജുമാനസനായി നിന്റെ സകല ശ്രദ്ധയും മത സേവനത്തിനായി തിരിച്ചു നിർത്തുക. അല്ലാഹു ഏതൊരു പ്രകൃതിയിൽ മനുഷ്യരെ സൃഷ്ടിച്ചുവോ ആ പ്രകൃതി(കൈകൊള്ളുക) അല്ലാഹുവിന്റെ സൃഷ്ടിപ്പിന് ഒരു മാറ്റവുമില്ല അതത്രെഎന്നും നിലനില്ക്കുന്ന മതം പക്ഷേ, മനുഷ്യരിൽ അധികമാളുകളും യാഥാർത്ഥ്യം അറിയുന്നില്ല. (30:31)**

മതപരമായ വിശ്വാസത്തിന് എണ്ണമറ്റ നേട്ടങ്ങളുണ്ട്. സന്തോഷത്തിന്റെ കാര്യത്തിലായാലും, സാമൂഹ്യബന്ധം മെച്ചപ്പെടുത്തുന്ന കാര്യത്തിലായാലും, ഈ ലോകം കെട്ടിപ്പടുക്കുമ്പോൾ കുഴപ്പങ്ങൾ ഇല്ലായ്മ ചെയ്യുവാനുള്ള കാര്യത്തിലായാലും, ഒക്കെ മതപരമായ വിശ്വാസത്തിന് വളരെ വലിയ പങ്കുവഹിക്കാൻ സാധിക്കും.

ജീവിതത്തിലെ ഏറ്റവും വിലപിടിച്ച ധനം മതപരമായ വിശ്വാസം തന്നെയാണ്. മനുഷ്യനു ശക്തിപകരുന്ന ആത്മീയ നന്മയാണത്. ദൈവീക പ്രപഞ്ചത്തിൽ അവനൊരു മുതൽകൂട്ടാണ്. ഇസ്ലാമിക തത്വവും വിശ്വാസവും ഇല്ലാതെ മനുഷ്യനു പൂർണ്ണതയിലേക്ക് എത്താൻ കഴിയില്ല. അവന്റെ അധ്വാനങ്ങൾ അർത്ഥശൂന്യങ്ങളാവുന്നതാണ്. താൽപര്യരഹിതമാകുന്നതുമാണ്. ഒരു റൊബോട്ടിനെ പോലെ അവൻ ഈ ലോകത്ത് ജീവിക്കും. തന്റെ പ്രതീക്ഷയും വിശ്വാസവും പൊയ്ദൈവങ്ങൾക്ക് അടിയറവെയ്ക്കും, അല്ലെങ്കിൽ അവൻ ഒരു നിരീശ്വരവാദിയായി ഈ ലോകത്ത് കഴിയും. തന്റെ യുക്തി നിർദ്ദേശിക്കുന്ന വസ്തുക്കളിൽ മാത്രം വിശ്വാസിക്കുന്ന, ഒന്നിലും വിശ്വാസം ഇല്ലാത്ത, ആരിലും വിശ്വാസം ഇല്ലാത്തവനായി അവൻ കഴിയും.

വിശുദ്ധ ഖുർആനിൽ അല്ലാഹുവിനെ മാത്രം അരാധിക്കുന്ന ഒരുദാഹരണം ഇബ്രാഹീം നബി (അ) യുടെ ജീവിതത്തിലൂടെ എടുത്തുകാണിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ പിതാവും ജനതയും പൊയ്ദൈവങ്ങളെ ആരാധിക്കുന്നതുകണ്ട് മനംമടുത്ത ഇബ്രാഹീം (അ) അവരുടെ നിന്ദ്യമായ പ്രവർത്തനത്തിനെതിൽ പോരാടുകയുണ്ടായി. മനുഷ്യനെയും ഈ പ്രപഞ്ചത്തെയും സൃഷ്ടിച്ച ഏകനായ സർവ്വശക്തനായ സൃഷ്ടാവിനെ മാത്രം ആരാധിക്കുവാൻ പറയുകയും തന്റെ വിശ്വാസം ഇപ്രകാരം പ്രഖ്യാപിക്കുകയുമുണ്ടായി.

**തീർച്ചയായും ഞാൻ (വക്രമാർഗ്ഗങ്ങളെയെല്ലാംവിട്ട്) ഋജു മാനസനായും കൊണ്ട് ആകാശങ്ങളെയും ഭൂമിയേയും സൃഷ്ടിച്ചവന്റെ (അല്ലാഹുവിന്റെ) നേരെ എന്റെ ശ്രദ്ധതിരിക്കുന്നു. ഞാൻ ബഹു ദൈവ വിശ്വാസികളിൽ പെട്ടവനല്ല.**

നമുക്ക് ചെറിയ ഇബ്രാഹീംമാരും മുഹമ്മദ്മാരും ആകാം. മൃഗീയ തൃഷ്ണകൾക്കെതിരിൽ കൊടുങ്കാറ്റായി വീശിയ അവർ മനുഷ്യജന്മങ്ങൾക്ക് മകുടോദാഹരണങ്ങളായി. പ്രപഞ്ചസൃഷ്ടാവിനെ മാത്രം അവർ ആരാധിച്ചു. അവന് അവർ ഒരു പങ്കുകാരെയും സ്ഥാപിച്ചില്ല. ഇബ്രാഹീം നബിയും മറ്റു മുൻകഴിഞ്ഞ പ്രവാചകന്മാരും പഠിപ്പിച്ച ഏകദൈവാരാധന പുനഃസ്ഥാപിക്കുവാനാണ്, മുഹമ്മദ് മുസ്തഫ (സ) ആവിർഭവിച്ചത്. ഇസ്ലാമിനെ നവീകരിക്കുവാൻ ഇസ്ലാമിലെ പരിഷ്കർത്താക്കൾ അദ്ദേഹത്തിന്റെ കാലടിപാതകൾ പിന്തുടരേണ്ടതുണ്ട്.

വിശുദ്ധ ഖുർആനിൽ മാർഗ്ഗദർശനം നല്കിയതനുസരിച്ച് നമുക്ക് മനുഷ്യരായിതീരാം. ഇഹലോഹത്ത് പൂർണ്ണത കൈക്കൊണ്ട് പരലോകയാത്ര എളുപ്പമുള്ളതാക്കിത്തീർക്കാം. ഇതിനുവേണ്ടി ആരാണോ കൂടുതൽ അധ്വാനിക്കുന്നത് അവർക്ക് അല്ലാഹുതന്നെ ആയിരിക്കും പ്രതിഫലം. യഥാർത്ഥ വിശ്വാസി ഈ ലക്ഷ്യത്തിനുവേണ്ടി ആയിരിക്കണം പ്രവർത്തിക്കേണ്ടത്. കാരണം യഥാർത്ഥ വിശ്വാസിയുടെ ലക്ഷ്യം അല്ലാഹുതന്നെയാണ്. ഈ ലോകം നശ്വരമാണ്. എന്നാൽ അവന്റെ ആത്മാവ്, ഇസ്ലാമിക വിശ്വാസവുമായി, യുദ്ധസന്നദ്ധമായി, ആത്മീയ ചൈതന്യമുൾക്കൊണ്ട്, അല്ലാഹുവിന്റെ കാരുണ്യത്തിൻ കീഴിൽ തുടക്കംമുതൽ ഒടുക്കംവരെ സംരക്ഷിക്കപ്പെടുന്നതാണ്. ഇൻശാ അല്ലാഹ്. ആമീൻ.

Translated & Issued By
**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala
*Ph: 9447001832 / 0475 2220223*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*